"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്- "സുരക്ഷിതം 3.0" എന്ന പേരിൽ ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത്, 2025" എന്ന ദ്വിദിന ഇന്റർനാഷണൽ കോൺക്ലേവ് നടത്തുന്നതിന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.630/2025/LBR തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടറുടെ 08.04.2025-ലെ DFB/1019/2025-G3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് തൊഴിലപകടങ്ങളും തൊഴിൽജന്യരോഗങ്ങളും ഇല്ലാത്ത വ്യവസായാന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്റ്റാട്യൂട്ടറി ജർമ്മൻ സോഷ്യൽ ഇൻഷ്വറൻസ് ഏജൻസി ആയ DGUV ജർമ്മനി, അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO), നാഷണൽ സേഫ്റ്റി കൺസിൽ (കേരള ചാപ്റ്റർ), യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം (UNEP), National Examination Board on Occupational Safety and health (NEBOSH), UK, Chemical safety Board (CSB),USA എന്നിവയുമായി സഹകരിച്ചു കൊണ്ട് "സുരക്ഷിതം 3.0" എന്ന പേരിൽ ഒരു അന്താരാഷ്ട്ര കോൺക്ലേവ് (ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത്, 2025") സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാകാത്ത രീതിയിൽ സംഘടിപ്പിക്കുന്നതിനു അനുമതി നല്കണമെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന് അധിക ബാധ്യത ഉണ്ടാകാതെ ഉചിത തലങ്ങളിൽ നിന്നുള്ള ക്ലിയറൻസ് നേടിയിരിക്കേണ്ടതാണെന്ന വ്യവസ്ഥയിന്മേൽ, "സുരക്ഷിതം 3.0" എന്ന പേരിൽ ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി &

ഹെൽത്ത്, 2025" എന്ന ദ്വിദിന ഇന്റർനാഷണൽ കോൺക്ലേവ് നടത്തുന്നതിന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റെറ്റി പി തോമസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 22-05-2025 13:20:12
സെക്ഷൻ ഓഫീസർ

പകർപ്പ് :-മുഖ്യമന്ത്രിയുടെ പി.എസ്-ന്

പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തൊഴിലും നൈപുണ്യവും സെക്രട്ടറിയുടെ പി.എ.-യ്ക്ക്